**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5472** **24-03-2025-ൽ മറുപടിയ്ക്ക്**

**<u>ഇൻഫർമേഷൻ കേരള മിഷന് വേണ്ടി ആമസോൺ ക്ലൗഡ് സേവനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. എ. പി. അനിൽ കുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ഇൻഫർമേഷൻ കേരള മിഷന് വേണ്ടി സി-ഡിറ്റ് ആമസോൺ ക്ലൗഡ് സേവനങ്ങൾ എടുത്തു നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് നൽകുന്നതെന്നും ഇതിനു ഐ.കെ.എം. സി-ഡിറ്റിന് ഇത് വരെ എത്ര തുക നൽകിയെന്നും സി-ഡിറ്റ് എത്ര തുക ആമസോണിന് നൽകിയെന്നും മാസം തിരിച്ച് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. ഇൻഫൊർമേഷൻ കേരളാ മിഷനു വേണ്ടി സിഡിറ്റ് മുഖേന ആമസോൺ ക്ലൗഡ് സേവനങ്ങൾ 2022 ജനവരി മുതൽ നൽകിവരുന്നു. ഐ.കെ. എം ഇതു വരെ സിഡിറ്റിന് നൽകിയ തുകയും സിഡിറ്റ് ആമസോണിന് നൽകിയ തുകയും അനുബന്ധം 1-ആയി ചേർക്കുന്നു.

**(ബി)** പ്രസ്തുത സേവനങ്ങൾക്ക് ഐ.കെ.എം., സി-ഡിറ്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത കരാർ രേഖ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സിഡിറ്റും ഐ.കെ.എമ്മുമായി പ്രത്യേക കരാർ ഇല്ല. പ്രസ്തുത സേവനങ്ങൾ GO(Rt) No 2621/2021/LSGD dt 22.12.2021 നമ്പർ ഉത്തരവിൻ പ്രകാരം ഐ.കെ.എം ഉപയോഗിച്ച് വരുന്നു.

**(സി)** പ്രസ്തുത സേവനങ്ങൾക്ക് സി-ഡിറ്റും ആമസോണുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ആമസോണും സിഡിറ്റുമായി പ്രത്യേക കരാർ ഇല്ല. ആവശ്യമുള്ള സേവനങ്ങൾക്ക് സി ആമസോൺ ക്ലൗഡ് സർവീസിൽ അക്കൗണ്ട് തുറക്കുമ്പോൾ സിഡിറ്റിന്റെ പേരിൽ ഇലക്ട്രോണിക് കരാർ സൃഷ്ടിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഐ കെ .എം ന് വേണ്ടി ഇപ്രകാരം സിഡിറ്റ് ആമസോൺ ക്ലൗഡിൽ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം ഓൺലൈൻ അക്കൗണ്ട് തുറക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് കരാറായി പരിഗണിക്കപ്പെടുന്നു.

**(ഡി)** സർക്കാരിന്റെ ഏതൊക്കെ സേവനങ്ങളാണ് പ്രസ്തുത ക്ലൗഡ് സർവ്വീസ് മുഖേന ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; വ്യക്തിഗത ഡേറ്റ സുരക്ഷക്കും സ്വകാര്യതാ സംരക്ഷണത്തിനും എന്തു മുൻകരുതലുകൾ എടുത്തിട്ടുണ്ട് എന്നു വിശദമാക്കുമോ;

**<u>മറുപടി:</u>** ILGMS, K-SMART, ഹരിതമിത്രം, വാർ റൂം പോർട്ടൽ, വാർഡ് മാപ്പിംഗ് മുതലായ സോഫ്റ്റ്‌വെയറുകളാണ് പ്രസ്തുത ക്ലൗഡിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. പ്രസ്തുത സോഫ്റ്റ്‌വെയറുകളിൽ നിന്നുമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 650 ൽ പരം സേവനങ്ങൾ ലഭ്യമാണ്. ഗവൺമെന്റ് ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശകളുടെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ (GO(Rt) No. 2621/2024/LSGD dated 22/12/2021) കേന്ദ്ര സർക്കാരിന്റെ ഐ.ടി. മന്ത്രാലയം (MeitY) എംപാനൽ ചെയ്ത ആമസോൺ ക്ലൗഡിലാണ് ഈ സോഫ്റ്റ്‌വെയറുകൾ വിന്യസിച്ചിരിക്കുന്നത്. പ്രസ്തുത ക്ലൗഡ് കേന്ദ്ര സർക്കാരിന്റെ തന്നെ ഐ.ടി. മന്ത്രാലയത്തിന്റെ കീഴിലുള്ള CERT-In എംപാനൽ ചെയ്ത SDQC എന്ന സ്ഥാപനം ഓഡിറ്റ് ചെയ്തിട്ടുണ്ട്.കൂടാതെ റേറ്റ് ലിമിറ്റിംഗ്, CAPTCHA, ടോക്കണൈസേഷൻ, അനധികൃത ആക്സസ്, ഓട്ടോമേറ്റഡ് ആക്രമണങ്ങൾ എന്നിവ തടയുന്നതിന് വെബ് ആപ്ലിക്കേഷൻ ഫയർവാൾ (WAF) തുടങ്ങിയ സുരക്ഷാ നടപടികൾ ഈ സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.സെക്യൂരിറ്റി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് എൻക്രിപ്റ്റ് ചെയ്താണ് സോഫ്റ്റ്‌വെയറിൽ ഡാറ്റ കൈകാര്യം ചെയ്യുന്നത്. ഇതുവഴി സുരക്ഷിതമായ ആശയവിനിമയം ഉറപ്പാക്കുകയും തടസ്സപ്പെടുത്തലിൽ (Intercepting) നിന്നും കൃത്രിമത്വത്തിൽ (Tampering) നിന്നും വ്യക്തിഗത ഡേറ്റ സംരക്ഷിക്കുകയും ചെയ്യുന്നു.

**(ഇ)** വിവിധ ക്ലൗഡ് സേവനദാതാക്കളിൽനിന്നും സി-ഡിറ്റ് ആമസോൺ തിരഞ്ഞെടുത്തത് സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരമാണോയെന്ന് രേഖകൾ സഹിതം വിശദമാക്കുമോ?

**<u>മറുപടി:</u>** ഭാരത സർക്കാരിന്റെ കീഴിലുള്ള ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം ക്ലൗഡ് സർവീസ് പ്രൊവൈഡർ ആയി ആമസോണിനെ എംപാനൽ ചെയ്ത പ്രകാരമാണ് സിഡിറ്റ് ആമസോൺ ക്ലൗഡ് സർവീസിൽ അക്കൗണ്ട് തുറന്നത്. എംപാനൽ പട്ടിക അനുബന്ധം 2-ആയി ചേർക്കുന്നു

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**Payment details received from IKM & payment made to Amazon**

| Month | Receipt from IKM | Payment to Amazon |
|---|---|---|
| Jan-22 | | 0 |
| Feb-22 | | 0 |
| Mar-22 | 230051 | 0 |
| Apr-22 | | 0 |
| May-22 | | 0 |
| Jun-22 | | 0 |
| Jul-22 | 732525 | 169835 |
| Aug-22 | 4099598 | 3769709 |
| Sep-22 | | 0 |
| Oct-22 | | 0 |
| Nov-22 | 3802871 | 0 |
| Dec-22 | | 3229801 |
| Jan-23 | | 0 |
| Feb-23 | 3520911 | 0 |
| Mar-23 | 6374659 | 3179374 |
| Apr-23 | | 5762963 |
| May-23 | | 0 |
| Jun-23 | 2997581 | 2703619 |
| Jul-23 | 2512343 | 0 |
| Aug-23 | | 2262494 |
| Sep-23 | | 0 |
| Oct-23 | 3184226 | 3390125 |
| Nov-23 | 1443984 | 1443984 |
| Dec-23 | | 0 |
| Jan-24 | | 0 |
| Feb-24 | 5325672 | 5325672 |
| Mar-24 | 8863452 | 0 |
| Apr-24 | 2411103 | 8832603 |
| May-24 | 1434084 | 0 |
| Jun-24 | | 2411013 |
| Jul-24 | | 1434084 |
| Aug-24 | 17061826 | 0 |
| Sep-24 | | 8995459 |
| Oct-24 | 4110134 | 80,66,365 |
| Nov-24 | 21606509 | 4681448 |
| Dec-24 | 2244032 | **98,00,000** |
| Jan-25 | 7357011 | **98,00,000/** |
| Feb-25 | | 7154901 |
| Mar-25 | | 3881338 |
| **Total** | **9,93,12,572** | **9,62,94,787** |